# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1730 — 03.10.2011-ൽ മറുപടിക്ക്

### കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രോജക്ടുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിലവിൽ എന്തെല്ലാം പ്രോജക്ടുകൾ ആണ് ഏറ്റെടുത്ത് നടത്തിവരുന്നത്; | (എ) | കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിലവിൽ താഴെപ്പറയുന്ന പദ്ധതികളാണ് ഏറ്റെടുത്ത് നടത്തിവരുന്നത്.<br>1. എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി<br>2. സുരക്ഷാ ഭവന പദ്ധതി<br>3. ഇന്നവേറ്റീവ് (അത്താണി) ഭവന പദ്ധതി (തിരുവനന്തപുരത്ത് പൂജപ്പുരയിൽ Phase II ആയി 24 ഫ്ളാറ്റുകളും, തൃശ്ശൂർ കുട്ടനെല്ലൂരിൽ Phase I ആയി 24 ഫ്ളാറ്റുകളും)<br>4. പുല്ലഴി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി<br>5. കവടിയാർ ഹൈറ്റ്സ് പദ്ധതി |
| (ബി) ഭവനനിർമ്മാണ ബോർഡിന് സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഭൂമി സ്വന്തമായുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഭവനനിർമ്മാണ ബോർഡിന്റെ കൈവശം പദ്ധതികൾക്കായി ഇനിയും ലഭ്യമായ സ്ഥലം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് കൊമേഴ്സ്യൽ കോംപ്ളക്സുകൾ നിർമ്മിച്ച് വിൽപ്പന നടത്തിയിട്ടുള്ളത് എവിടെയെല്ലാമാണ്; | (സി) | തിരുവനന്തപുരത്തെ ബാലരാമപുരം കൊമേഴ്സ്യൽ കോംപ്ളക്സിൽ 47 കടമുറികളും വയനാട്ടിലെ സുൽത്താൻബത്തേരിയിൽ 4 കടമുറികളും വിൽപ്പന നടത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഭവനനിർമ്മാണ ബോർഡിന് ഒറ്റപ്പാലത്ത് സ്വന്തമായി എത്ര ഏക്കർ സ്ഥലമുണ്ട്; വിശദമാക്കാമോ; | (ഡി) ഭവനനിർമ്മാണ ബോർഡിന് ഒറ്റപ്പാലത്ത് 37.06 സെന്റ് ഭൂമിയാണ് ഉള്ളത്. |
| (ഇ) പ്രസ്തുത സ്ഥലത്ത് ഒരു കൊമേഴ്സ്യൽ കോംപ്ളക്സ് നിർമ്മിക്കുന്ന കാര്യം പരിഗണന യിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഇ) ഇപ്പോൾ പരിഗണനയിലില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ആഫീസർ